ഇന്ത്യയിൽ ജാതിയും മതവും ആചാരങ്ങളും നോക്കാതെ ജനങ്ങൾക്ക് ഒരുമിച്ച് ജീവിക്കാൻ കഴിയുന്ന സാമൂഹ്യ രാഷ്ട്രീയ ചിന്താധാര ഈ രാജ്യത്തുണ്ടാക്കിയതാണ് ഇന്ത്യയുടെ നേട്ടമെങ്കിൽ ഞങ്ങൾ അഭിമാനത്തോടെ പറയുന്ന ആ സാഹചര്യമുണ്ടാക്കിയത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്. ആ കോൺഗ്രസ്സിന് വർഗ്ഗീയതയെയും ബി.ജെ.പി.-യെയും ആർ.എസ്.എസ്.-നെയും എതിർക്കാൻ മാർക്സിസ്റ്റ് പാർട്ടിയുടെ ഉപദേശമാകാം, പക്ഷേ നിങ്ങൾ കറ്റപ്പെടുത്തരുത്. ആം ആദ്മി പാർട്ടി അധികാരത്തിൽ വന്നപ്പോൾ ആം ആദ്മി പാർട്ടിയാണ് കോൺഗ്രസ്സിന് ബദൽ എന്നുപറഞ്ഞ് നിങ്ങൾ ആഘോഷിച്ചു നൈമിഷികമായി ആ പാർട്ടി തകർന്നുപോയി. ഇപ്പോൾ ബി.ജെ.പി.-യോ ആം ആദ്മി പാർട്ടിയോ മറ്റേതെങ്കിലും രാഷ്ട്രീയ പാർട്ടികളോ കോൺഗ്രസ്സിന് ബദലല്ല. മാർക്സിസ്റ്റ് പാർട്ടിക്കും 100 വർഷം കഴിഞ്ഞാലും കോൺഗ്രസ്സിന് ബദലാകാൻ കഴിയില്ല. ഈ രാജ്യത്തെ നയിക്കാൻ കഴിയുന്ന ഏക രാഷ്ട്രീയപാർട്ടിയായ കോൺഗ്രസ്, രാജ്യത്തിന്റെ മതേതരത്വത്തിനും ജനാധിപത്യത്തിനും വേണ്ടി നിലനിൽക്കാൻ, ഞങ്ങൾ വിചാരിച്ചതിനേക്കാൾ വേഗം ഇന്ത്യയിൽ തിരിച്ചുവരും. അതുകൊണ്ട് കോൺഗ്രസ്സിനെ കറ്റപ്പെടുത്താൻ നിങ്ങൾ തയ്യാറാകരുതെന്ന് അഭ്യർത്ഥിക്കുന്നു.

ക്ഷീരവികസന രംഗത്തും പഞ്ചായത്ത് ഭരണസംവിധാനത്തിലുമുണ്ടാക്കിയ മാറ്റങ്ങളിൽ ശ്രീ. കെ. സി. ജോസഫിനെയും ഡോ. എം. കെ. മുനീറിനെയും അഭിനന്ദിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ അഭിമാനത്തോടുകൂടി പിന്തുണയ്ക്കുന്നു.

3.00 PM]

അറിയിപ്പ്

മി. സ്പീക്കർ: ഇന്നത്തെ സഭാസമ്മേളനത്തിനുശേഷം ബാങ്ക്വറ്റ് ഹാളിൽ ഒരു സമ്മേളനമുണ്ട്. അത് മൂന്ന് പരിപാടികളുടെ ഉദ്ഘാടനമാണ്. എല്ലാ ബഹുമാന്യരായ അംഗങ്ങളും ആ പരിപാടിയിൽ പങ്കെടുക്കണമെന്ന് ചെയർ പ്രത്യേകം അഭ്യർത്ഥിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ തദ്ദേശസ്വയംഭരണ വകപ്പിനെക്കുറിച്ച് സംസാരിക്കാനാണ് ഉദ്ദേശിച്ചത്. എന്നാൽ ഇന്ന് രാവിലെ ബഹുമാനപ്പെട്ട ക്ഷീരവികസന വകപ്പുമന്ത്രി സംസാരിച്ചപ്പോൾ ക്ഷീരമേഖല വളർന്നുകൊണ്ടിരിക്കുകയാണെന്ന് സൂചിപ്പിക്കുകയുണ്ടായി. പാലുല്പാദനം വർദ്ധിക്കുന്നുണ്ടോയെന്ന എന്റെ ചോദ്യത്തിന് വർദ്ധിക്കുന്നുണ്ടെന്ന് സംശയമില്ലാതെ അങ്ങ് മറുപടി പറയുകയും ചെയ്തു. അപ്പോൾ ഞാൻ വിചാരിച്ചത് എന്റെ ധാരണ

LIBRARY ARCHIVES Kerala Legislative Assembly